ദേശാഭിമാനി 28 March 2023

# ജലാശയങ്ങളിലെ കൂടുമീൻകൃഷി: വരുമാനത്തിൽ കേരളം മുന്നിൽ

**കൊച്ചി**

തീരപ്രദേശ ജലാശയങ്ങളിലെ കൂടുകൃഷി സംരംഭങ്ങളിൽ മികച്ച വരുമാനമുണ്ടാക്കുന്നത് കേരളത്തിലെ മീൻകർഷകരാണെന്ന് പഠനം. ഒരു യൂണിറ്റിൽനിന്ന് രണ്ടുമുതൽ മൂന്നുലക്ഷം രൂപവരെ വരുമാനം നേടുന്നുണ്ടെന്ന് സിഎംഎഫ്ആർഐ നടത്തിയ പഠനത്തിൽ പറയുന്നു.

കേരളത്തിലെ മൂന്ന് ജില്ലയിൽനിന്നടക്കം ഇന്ത്യയിലെ ആറ് തീരദേശ സംസ്ഥാനത്തിലെ 159 മാരികൾച്ചർ സംരംഭങ്ങളുടെ സാമൂഹിക–സാമ്പത്തിക– പാരിസ്ഥിതിക ഘടകങ്ങളാണ് പരിശോധിച്ചത്. എട്ടുമാസംവരെയുള്ള ഒരു സീസണിൽ ഒരു യൂണിറ്റിൽനിന്നുമാത്രം മൂന്നുലക്ഷം രൂപവരെ അധികവരുമാനം നേടാം. മീനും കടൽപ്പായലും കക്കവർഗങ്ങളും സംയോജിതമായി കൃഷിചെയ്യുന്ന ഇന്റഗ്രേറ്റഡ് മൾട്ടിട്രോഫിക് അക്വാകൾച്ചറിന്റെ (ഇംറ്റ) ഒരു യൂണിറ്റിൽനിന്ന് ഇതിൽ കൂടുതൽ വരുമാനം ഉണ്ടാക്കാമെന്നും പഠനം വ്യക്തമാക്കുന്നു.

കടലിൽ നടത്തുന്ന കൂടുകൃഷിയിൽ ഉയർന്ന വരുമാനം നേടുന്നത് ആന്ധ്രപ്രദേശിലെ കർഷകരാണ്. സിഎംഎഫ്ആർഐ സീനിയർ സയന്റിസ്റ്റ് ഡോ. ഷിനോജ് പാറപ്പുറത്തിന്റെ നേതൃത്വത്തിൽ നടത്തിയ പഠനം അന്തർദേശീയ ജേർണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.